**<u>തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം</u>**

**(ഹാജർ : Dr. Chithra S IAS)**

<u>സംഗ്രഹം</u>

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - ജീവനക്കാര്യം - മുൻ നഗരകാര്യ വകുപ്പ് - ക്ലാർക്ക് തസ്തികയിൽ നിന്നും സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

<u>ഉത്തരവ് നമ്പർ. LSGD/PD/17085/2025-DEC5 തീയതി: 12-07-2025</u>

പരാമർശം: 1) ഈ കാര്യാലയത്തിലെ 12-07-2025 തീയതിയിലെ LSGD/PD/20426/2025-DEC5 നമ്പർ ഉത്തരവ്.

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ വകുപ്പിലെ 2025 ലെ ഓൺലൈൻ സ്ഥലംമാറ്റ അന്തിമ പട്ടിക പ്രസിദ്ധീകരിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. അതിന് ശേഷം ഉള്ള ഒഴിവുകളിൽ മുൻ നഗരകാര്യ കാര്യ വകുപ്പിലെ സീനിയർ ക്ലാർക്ക് തസ്തികയുടെ കേഡർ സ്ട്രെങ്ത്തിൽ ഉണ്ടായിട്ടുള്ള ഒഴിവുകളിലേക്ക് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിലവിൽ സേവനത്തിൽ ഉടരുന്നതും മുൻ നഗരകാര്യ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച് സീനിയോരിറ്റി പട്ടികകളിൽ ഉൾപ്പെട്ടിട്ടുള്ളതും സ്ഥാനക്കയറ്റത്തിന് യോഗ്യത നേടിയിട്ടുള്ളതുമായ ക്ലാർക്കുമാരുടെ പട്ടിക ബന്ധപ്പെട്ട ജില്ലാ ജോയിന്റ് ഡയറക്ടർമാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന ക്ലാർക്കിന് 35600-75400 രൂപ ശമ്പള സ്കെയിലിൽ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി അവരവരുടെ പേരിന് നേരെ രേഖപ്പെടുത്തിയിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ / ഓഫീസുകളിൽ ചുവടെ പറയും പ്രകാരം നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നം | സീനിയോരിറ്റി നമ്പർ | പേരും നിലവിലെ ഓഫീസും | പെൻ നം | നിയമനം നല്കുന്ന ഓഫീസ് |
|---|---|---|---|---|
| 1 | 1 | കിഷോർ കുമാർ കെ.പി, പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം [Permanent Test Exemption Under KS&SSR Rule 13 B] | 324420 | തൃത്താല ഗ്രാമപഞ്ചായത്ത് പാലക്കാട് |

- കെ.എസ്.&എസ്.എസ്.ആർ ചട്ടം 13(A)(1)(a) പ്രകാരം വകുപ്പുതല പരീക്ഷകൾ വിജയിക്കുന്നതിൽ നിന്നും താത്കാലിക ഇളവ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ സ്ഥാനക്കയറ്റ ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാർ താത്കാലിക ഇളവ് കാലാവധിയായ 3 വർഷത്തിനകം മതിയായ യോഗ്യത നേടി സീനിയർ ക്ലാർക്ക് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം ക്രമവത്കരിക്കേണ്ടതാണ്. അത്തരത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിലെ

സ്ഥാനക്കയറ്റം ക്രമവത്കരിക്കാത്ത ജീവനക്കാരെ ക്ലാർക്ക് തസ്തികയിലേക്ക് തരംതാഴ്ത്തുന്നതായിരിക്കും. അത്തരം ജീവനക്കാരുടെ വിവരം ഈ കാര്യാലയത്തിൽ യഥാവിധി അറിയിക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട ഓഫീസ് മേധാവികൾ സ്വീകരിക്കേണ്ടതാണ്.

- **മേൽ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരുടെ ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ / ഓഫീസുകളിലെ നിയമനം താത്കാലികമായിരിക്കും. 2025 – പൊതുസ്ഥലംമാറ്റ അന്തിമ കൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അനുവദിച്ചിട്ടുള്ള സ്ഥലംമാറ്റത്തിന്മേൽ ജീവനക്കാർ സർക്കാരിൽ സമർപ്പിക്കുന്ന അപ്പീൽ അപേക്ഷയുടെ തീർപ്പ് അനുസരിച്ചും അനുകമ്പാർഹത, ഭരണസൌകര്യം എന്നിവയുടെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് നിയമനം നല്കുന്നതിനായി ടി നിയമനങ്ങൾ പുന:പരിശോധിക്കുന്നതായിരിക്കും. പുന:പരിശോധനയുടെ ഭാഗമായി മറ്റൊരു സ്റ്റേഷനിലേക്ക് ടിയാളുകളെ സ്ഥലംമാറ്റേണ്ടുന്നതായി കാണുന്ന പക്ഷം നിലവിലെ സ്റ്റേഷനിൽ തുടരുന്നതിന് ടിയാളുകൾക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല. ഇത്തരത്തിൽ പുന:പരിശോധനയുടെ ഭാഗമായി സ്ഥലംമാറ്റപ്പെടുന്ന ജീവനക്കാരുടെ അതേ സ്റ്റേഷനിൽ തുടരുന്നതിനുള്ള അപേക്ഷകളും അവകാശവാദങ്ങളും യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.**

- ബന്ധപ്പെട്ട സ്ഥാപനമേധാവികൾ ജീവനക്കാരുടെ വിടുതൽ / സേവനത്തിൽ പ്രവേശിപ്പിക്കൽ എന്നിവ ജനറൽ ട്രാൻസ്ഫർ വെബ്സൈറ്റ് മുഖേന മാത്രം നടപ്പിലാക്കേണ്ടതാണ്.

- **ക്ലാർക്ക് തസ്തികയിലുണ്ടാകുന്ന ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് ബഹു. സർക്കാർ നിർദ്ദേശം നല്കിയിട്ടുള്ള സാഹചര്യത്തിൽ സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള ജീവനക്കാരെ നിലവിലെ സ്റ്റേഷനിൽ നിന്നും അടിയന്തരമായി വിടുതൽ ചെയ്യിക്കുന്നതിനും വിടുതൽ ചെയ്തിട്ടുള്ള വിവരം അതാത് ദിവസം ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസിൽ റിപ്പോർട്ട് ചെയ്യുന്നതിനും ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക് കർശന നിർദ്ദേശം നല്കുന്നു.**

- മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ജില്ലാ ജോയിന്റ് ഡയറക്ടർമാർ ഉറപ്പ് വരുത്തേണ്ടതും നിർദ്ദേശങ്ങൾ പാലിക്കാത്ത സ്ഥാപനമേധാവികളുടെ പേര് വിവരം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

Dr. Chithra S IAS
PRINCIPAL DIRECTOR

പകർപ്പ്:
1. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും.
2. ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് (ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന)
3. ബന്ധപ്പെട്ട ജീവനക്കാർക്ക് (നിലവിലെ സ്ഥാപന മേധാവിമാർ മുഖേന)
4. വെബ്സൈറ്റ് / കരുതൽ ഫയൽ / ഓഫീസ് കോപ്പി.

Signed by
Dinesan Cheruvat
Date: 12-07-2025 17:06:57